# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - ബാൻഡ് സംഘം നിലവിൽ വന്നു



എറണാകുളം റൂറൽ ജില്ലയിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ കീഴിൽ ആദ്യത്തെ ബാൻഡ് സംഘം ഇന്ന് നിലവിൽ വന്നു.

മൂക്കന്നൂർ സേക്രട്ട് ഹേർട്ട് ഓർഫനേജ് ഹൈസ്കൂളിലാണ് ബാൻഡ് സംഘം നിലവിൽ വന്നത്. ഇതുമായി സംഘടിപ്പിച്ച ചടങ്ങ് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS ഉദ്ഘാടനം ചെയ്തു. തുടർന്ന് ജില്ലാ പോലീസ് മേധാവി ഫ്ലാഗ് ഓഫ് ചെയ്ത ശിശുദിന റാലിയും ഇതോടനുബന്ധിച്ച് നടന്നു.

സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി.സോണിയ വർഗ്ഗീസ് സ്വാഗത പ്രസംഗം നടത്തിയ ചടങ്ങിൽ മാനേജർ ബ്രദർ.ജോസഫ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജയാ രാധാകൃഷ്ണൻ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ല നോഡൽ ഓഫീസറും, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി യുമായ എം.ആർ.മധുബാബു, ഡി.സി.ആർ.ബി ഡി.വൈ.എസ്.പി റെജി അബ്രഹാം.പി, അങ്കമാലി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ മുഹമ്മദ് റിയാസ്, പി.റ്റി.എ പ്രസിഡന്റ് എം.ഒ.തോമസ്, വാർഡ് മെമ്പർ ശ്രീമതി.മോളി വിൻസന്റ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ല അസ്സിസ്റ്റന്റ് നോഡൽ ഓഫീസർ എ.പി.ഷാജിമോൻ , സിവിൽ പോലീസ് ഓഫീസർ സിജു ജേക്കബ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.